## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3822** **31.01.2014 ൽ മറുപടിയ്ക്ക്**

## ജൈവവാതക പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ജൈവവാതക ഉൽപാദനപദ്ധതികൾ അജണ്ടയിലുണ്ടോ; വിശദമാക്കുമോ; | (എ) പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള പ്രധാന നഗരസഭകളിൽ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ തിരുവനന്തപുരം, എറണാകുളം, എന്നീ നഗരസഭകളിൽ സ്ഥാപിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുക്കുകയും ആയത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തുകയും കൊച്ചിയിൽ പ്ലാന്റ് സ്ഥാപിക്കാൻ കൊച്ചി നഗരസഭയെ സഹായിക്കാനായി കെ.ഐ.റ്റി.സി.ഒ -യെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുകയും, ശുചിത്വമിഷനെ സാങ്കേതിക സഹായം നൽകാനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ ജൈവമാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിച്ച് പാചകാവശ്യത്തിന് ഉപയോഗിക്കുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ 7123 പ്ലാന്റുകൾ |

സ്ഥാപിക്കുകയും അതുവഴി പ്രതിവർഷം 83,000 എൽ.പി.ജി. സിലിണ്ടറുകൾക്ക് തുല്യ മായ ബയോഗ്യാസ് ഉത്പാദിപ്പിക്കുകയും ചെയ്യുന്നു.

| | |
|---|---|
| (ബി) ജൈവമാലിന്യങ്ങൾ കുന്നുകൂടുന്ന കേരളത്തിൽ, ജൈവവാതക ഊർജ്ജം ഉൽപാദിപ്പിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ വൈദ്യുതി വകുപ്പ് ആവി ഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരി ക്കുമോ? | (ബി) ജൈവമാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുളള പദ്ധതി കൾ വൈദ്യുതി വകുപ്പ് ആവിഷ്ക്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ